(സി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ഇരിക്കൂർ ഗവൺമെൻറ് സ്കൂൾ

417 [764] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ് ടെണ്ടർ ചെയ്തു പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയ്ക്കാണ് കെട്ടിടം പണി ടെണ്ടർ ചെയ്തത്;

(സി) 1985 ജൂലൈ 1 വരെ എവിടംവരെ കെട്ടിടത്തിന്റെ പണി പൂർത്തിയായി;

(ഡി) കോൺട്രാക്ടർക്ക് ഗവൺമെൻറിൽനിന്നും പൂർത്തിയായ കെട്ടിടത്തിനുള്ള പണം നൽകിയോ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10,33,920 രൂപയ്ക്ക്.

(സി) ഒന്നാം നിലയുടെ ചുമരുകളും പൂർത്തിയായി.

(ഡി) പൂർത്തിയാക്കിയ കെട്ടിടം പണിക്കുള്ള തുക 1,79,485രൂപ 6-9-1985-ൽ നൽകിയിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.

എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

418 [765] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട ചേവായൂർ സബ്ജില്ലയിലെ എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് ഉണ്ടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly